**കേരള സർക്കാർ**

**സംഗ്രഹം**

പ്രിസം – പെൻഷണർ ഇൻഫർമേഷൻ സിസ്റ്റം – സാമൂഹ്യനീതി വകുപ്പിൽ പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥരെ സ്വീകർത്തിത അധികാരി (Receiving Authority), പെൻഷൻ അനുവദിക്കുന്ന അധികാരി (Pension Sanctioning Authority) എന്നിങ്ങനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പ്രിസം) വകുപ്പ്**

**സ.ഉ(സാധാ)നം.6118/2020/ധന** **തിരുവനന്തപുരം, തീയതി 27/10/2020**

---

പരാമർശം – 1. സ.ഉ(അ)നം.179/2016/ധന തീയതി 10.12.2016.

2. 12.10.2020-ലെ സാമൂഹ്യനീതി ഡയറക്ടറുടെ കത്ത് നം.SJD/3430/2020-E6.

**ഉത്തരവ്**

പരാമർശം (1) പ്രകാരം വിവിധ വകുപ്പുകളിൽ പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി പെൻഷൻ അനുവദിക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ (PSA – Pension Sanctioning Authority) പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ടി പട്ടികയിൽ എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് കാണുന്ന പക്ഷം ആയത് അതത് വകുപ്പ് തലവൻമാർ ധനകാര്യ വകുപ്പിനെ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭ്യമായ കത്തിൽ പ്രിസം സോഫ്റ്റ് വെയർ മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ സുഗമമായ തീർപ്പാക്കലിനായി കത്തിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥരെ സ്വീകർത്തിത അധികാരി (Receiving Authority), പെൻഷൻ അനുവദിക്കുന്ന അധികാരി (Pension Sanctioning Authority) എന്നിങ്ങനെ ചുമതലപ്പെടുത്തി ഒരു ഉത്തരവ് നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി ചുവടെചേർക്കുന്ന രീതിയിൽ വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥരെ സ്വീകർത്തിത അധികാരി (Receiving Authority), പെൻഷൻ അനുവദിക്കുന്ന അധികാരി (Pension Sanctioning Authority) എന്നിങ്ങനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | കാര്യാലയം | തസ്തിക | സ്വീകർത്തിത അധികാരി (Receiving Authority) | പെൻഷൻ അനുവദിക്കുന്ന അധികാരി (Pension Sanctioning Authority) |
|---|---|---|---|---|
| 1 | സാമൂഹ്യനീതി ഡയറക്ടറേറ്റ് | അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ഡയറക്ടർ |

| | | | | |
|---|---|---|---|---|
| 2 | സാമൂഹ്യനീതി ഡയറക്ടറേറ്റ് | ഗസറ്റഡ് വിഭാഗം ജീവനക്കാർ (അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകൾ ഒഴികെ) | ജോയിന്റ് ഡയറക്ടർ | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| | | നോൺ ഗസറ്റഡ് വിഭാഗം ജീവനക്കാർ | ജോയിന്റ് ഡയറക്ടർ | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 3 | 14 ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ, പ്രൊബേഷൻ ഓഫീസുകൾ, ക്ഷേമസ്ഥാപനങ്ങൾ | ഗസറ്റഡ് വിഭാഗം ജീവനക്കാർ | ജോയിന്റ് ഡയറക്ടർ | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| | | നോൺ ഗസറ്റഡ് വിഭാഗം ജീവനക്കാർ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അനിൽകുമാർ.ആർ**
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പകർപ്പ് :- 1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3. സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ (പ്രിസം), വന്ദനം, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം.
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**